# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ജനുവരി 24

# വാർത്താക്കുറിപ്പ്

## സർവകലാശാല ഓഫീസിന് ഇന്ന് (ജനുവരി 25) അവധി

**(ഈ വാർത്ത എല്ലാ എഡിഷനിലും നൽകണമെന്ന് അഭ്യർഥിക്കുന്നു)**

അതിരമ്പുഴ പള്ളി തിരുനാൾ പ്രമാണിച്ച് അതിരമ്പുഴ പഞ്ചായത്തിലെ സർക്കാർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് (ജനുവരി 25) പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ സർവകലാശാല ഓഫീസ്/സ്‌കൂളുകൾ/സെന്ററുകൾ എന്നിവയ്ക്ക് അവധിയായിരിക്കും.

(പി.ആർ.ഒ/39/118/2020)

## പരീക്ഷകൾ മാറ്റി

ഒന്നും രണ്ടും സെമസ്റ്റർ ബി.എ./ബി.കോം. പ്രൈവറ്റ് സി.ബി.സി.എസ്. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ സപ്ലിമെന്ററി), സി.ബി.സി.എസ്.എസ്. (2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/2012 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷകളുടെ ജനുവരി 27, 29 തീയതികളിലെ പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/119/2020)

## ബി.ടെക് പരീക്ഷ കേന്ദ്രം മാറ്റം

2020 ജനുവരി 29 മുതൽ നടക്കുന്ന ബി.ടെക് (സപ്ലിമെന്ററി) 6, 7, 8 സെമസ്റ്റർ പരീക്ഷകൾക്ക് നോർത്ത് പറവൂർ മാതാ കോളജ് പരീക്ഷ കേന്ദ്രമായി അപേക്ഷിച്ചിരുന്ന ഐടി ബ്രാഞ്ച് ഒഴികെയുള്ള ബ്രാഞ്ചിലെ വിദ്യാർഥികൾ കറുകുറ്റി എസ് സി എം എസ് കോളേജിലും മാതാ കോളേജ് (ഐ ടി ബ്രാഞ്ച്), മൂകാംബിക ടെക്‌നിക്കൽ കാംപസ്, ക്ലത്താട്ടുകുളം ബി റ്റി സി സി എന്നീ കോളേജുകൾ പരീക്ഷകേന്ദ്രമായി അപേക്ഷിച്ചിരുന്നവർ മുളവൂർ ഇലാഹിയ കോളേജ് ഓഫ് എൻജിനീയറിംഗിലും കൊച്ചിൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്‌നോളജി സെന്ററായി അപേക്ഷിച്ചവർ പെരുമ്പാവൂർ ജയ് ഭാരത് കോളജിലും പരീക്ഷയെഴുതണം. ഹാൾ ടിക്കറ്റുകൾ പുതിയ പരീക്ഷാ കേന്ദ്രത്തിൽ നിന്ന് കൈപ്പറ്റണം.

(പി.ആർ.ഒ/39/120/2020)

## പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെയും സീപാസിലെയും ഒന്നാം സെമസ്റ്റർ എം.സി.എ. പരീക്ഷകൾ ഫെബ്രുവരി ഏഴുമുതൽ ആരംഭിക്കും. സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴയില്ലാതെ ജനുവരി 27 വരെയും 525 രൂപ പിഴയോടെ 28 വരെയും 1050 രൂപ സൂപ്പർഫൈനോടെ 29 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 45 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. റഗുലർ വിദ്യാർഥികളുടെ അപേക്ഷ തീയതി പിന്നീട് അറിയിക്കും. വീണ്ടും ലാബ് പരീക്ഷകൾക്ക് അപേക്ഷിക്കുന്നവർ നിശ്ചിതഫീസടച്ച് രജിസ്റ്റർ ചെയ്യണം.

(പി.ആർ.ഒ/39/121/2020)

രണ്ടാം സെമസ്റ്റർ ബി.വോക് (2014 സ്‌കീം - 2018 അഡ്മിഷൻ റഗുലർ/ഇംപ്രൂവ്‌മെന്റ്/സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 12 മുതൽ ആരംഭിക്കും. പിഴയില്ലാതെ ജനുവരി 28 വരെയും 525 രൂപ പിഴയോടെ 29 വരെയും 1050 രൂപ സൂപ്പർഫൈനോടെ 30 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/122/2020)

## പ്രാക്ടിക്കൽ

2019 ഒക്‌ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എഫ്.ടി/ബി.എസ്‌സി. അപ്പാരൽ ആൻ്

സി.ബി.സി.എസ്.എസ്. - 2013-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 27 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/123/2020)

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എ. മ്യൂസിക് മൃദംഗം സി.ബി.സി.എസ്. (2019 അഡ്മിഷൻ റഗുലർ/2017, 2018 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകളുടെ (കോർ/കോംപ്ലിമെന്ററി) പ്രാക്ടിക്കൽ ജനുവരി 30, 31 തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/124/2020)

## അന്തിമ റാങ്ക് പട്ടിക

2016 ജനുവരിയിൽ നടന്ന അവസാന വർഷ ബാച്ചിലർ ഓഫ് ഫാർമസി (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. പുതുപ്പള്ളി ഡി.പി.എസിലെ സിൽവി മേരി സെബാസ്റ്റ്യൻ, ചെറുവാണ്ടൂർ ഡി.പി.എസിലെ പ്രിയങ്ക റോയ്, പുതുപ്പള്ളി ഡി.പി.എസിലെ ടോണി എം. കുര്യാക്കോസ് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി.

(പി.ആർ.ഒ/39/125/2020)

## സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ നടത്തുന്ന എം.എ. സോഷ്യൽ വർക്ക് ഇൻ ഡിസെബിലിറ്റി സ്റ്റഡീസ് ആന്റ് ആക്ഷൻ എന്ന കോഴ്സിൽ ഒരു സീറ്റൊഴിവുണ്ട്. മഹാത്മാ ഗാന്ധി സർവകലാശാല അംഗീകരിച്ച ബിരുദമാണ് അടിസ്ഥാന യോഗ്യത. താല്പര്യമുള്ളവർ അസൽ രേഖകളുമായി ജനുവരി 27ന് രാവിലെ 10ന് പഠനവകുപ്പിൽ എത്തണം. വിശദവിവരം www.sobs.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2731034, 9995041288.

(പി.ആർ.ഒ/39/126/2020)

## ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന

2019 ജൂണിൽ നടന്ന നാലാം സെമസ്റ്റർ എം.ബി.എ. പരീക്ഷയുടെ വിവിധ വിഷയങ്ങളുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ ജനുവരി 28, 29 തീയതികളിൽ (11 എ.എം. - 4 പി.എം.) സർവകലാശാലയിലെ സിൽവർ ജൂബിലി പരീക്ഷഭവനിലെ ഇ.ജെ. 8 (റൂം നമ്പർ 226) സെക്ഷനിൽ ഫോട്ടോ പതിച്ച അസൽ തിരിച്ചറിയൽ രേഖകളുമായി നേരിട്ട് ഹാജരാകണം.

(പി.ആർ.ഒ/39/127/2020)

## എം.ജി.യിൽ റിപ്പബ്ലിക് ദിനോഘോഷം

രാജ്യത്തിന്റെ 71-ാമത് റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ചുള്ള ആഘോഷങ്ങൾ നാളെ (ജനുവരി 26) മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും. രാവിലെ 9.30ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സർവകലാശാല ഭരണവിഭാഗ മന്ദിരത്തിൽ ദേശീയപതാക ഉയർത്തും. തുടർന്ന് സുരക്ഷാ ഉദ്യോഗസ്ഥരുടെ പരേഡ് പരിശോധിച്ച ശേഷം റിപ്പബ്ലിക് ദിന സന്ദേശം നൽകും. ചടങ്ങുകളിൽ പങ്കെടുക്കുന്നതിന് സർവകലാശാല ജീവനക്കാർ രാവിലെ ഒൻപതിന് എത്തണമെന്ന് രജിസ്ട്രാർ അറിയിച്ചു.

(പി.ആർ.ഒ/39/128/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ